"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021-22 വാർഷിക പദ്ധതി - ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1169/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 18/06/2021

---

പരാമർശം:- 1 29.01.2018-ലെ സ.ഉ. (കൈ) നം. 11/2018/തസ്വഭവ.

2 02.02.2018-ലെ സ.ഉ. (കൈ) നം. 17/2018/തസ്വഭവ.

3 29.04.2020-ലെ സ.ഉ. (സാധാ) നം. 794/2020/തസ്വഭവ.

4 04.08.2020-ലെ സ.ഉ. (സാധാ) നം. 1450/2020/തസ്വഭവ.

**ഉത്തരവ്**

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ്സഭകളും വാർഡ് കമ്മിറ്റികളും കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ 2020-21 വാർഷികപദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് പരാമർശം 3, 4 എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പെട്ടെന്നുള്ള വ്യാപനം കാരണം ഈ വർഷവും സമാന സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ നടപ്പ് വർഷത്തെ (2021-22) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചുവടെ വിവരിക്കുന്ന പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

2. നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ ചില പ്രോജക്ടുകൾ എല്ലാ വർഷവും ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്നവയാണ്. ഇത്തരം പ്രോജക്ടുകളുടെ ഗുണഭോക്തൃ പട്ടികയിൽ ഓരോ വർഷവും ചെറിയ മാറ്റമേ ഉണ്ടാകാറുള്ളൂ. അതിനാൽ ഇങ്ങനെ ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കിക്കൊണ്ട് അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. താൽപര്യമില്ലാത്തവരെ അവരുടെ സമ്മതത്തോടെ പട്ടികയിൽ നിന്ന് ഒഴിവാക്കാവുന്നതും പുതുതായി താല്പര്യം പ്രകടിപ്പിക്കുന്നവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് അർഹതാ- മുൻഗണനാ മാനദണ്ഡങ്ങൾ പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

3. ആവർത്തന സ്വഭാവം ഇല്ലാത്ത, ഉല്പാദന–സേവന മേഖലകളിലെ പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്.

4. പുതിയ അപേക്ഷകളും ആവർത്തന സ്വഭാവത്തിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ പട്ടികയിൽ

നിന്നും ഒഴിവാക്കുന്നതിനുള്ള സമ്മതപത്രവും സ്വീകരിക്കുന്നതിന് ഇലക്ട്രോണിക് മാർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള നവീന മാർഗ്ഗങ്ങളും അവലംബിക്കാവുന്നതാണ്.

5. മേൽപ്പറഞ്ഞ പ്രക്രിയ പൂർത്തിയാക്കി കരട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്ക് ആയിരിക്കും.

6. മേൽപ്പറഞ്ഞ കമ്മിറ്റികൾ തയ്യാറാക്കുന്ന കരട് മുൻഗണനാ പട്ടികകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് ശുപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി യോഗം ചേർന്ന് പട്ടികകളുടെ അംഗീകാരം സംബന്ധിച്ച തീരുമാനമെടുക്കണം.

7. ഇപ്രകാരം അന്തിമമാക്കുന്ന ഗുണഭോക്തൃ പട്ടികകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും നവ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തണം.

8. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ ജൂലൈ 17-നകം പൂർത്തിയാക്കേണ്ടതാണ്.

9. ഗുണഭോക്തൃ പട്ടികകൾ ഏറ്റവും ആദ്യം ചേരുന്ന ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ,സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 18-06-2021 11:24:02
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്